# 67

# സ്വർഗത്തിനായുള്ള ഗൃഹാതുരത

## (21:22- 22:5)

നിങ്ങൾക്ക് എപ്പോഴെങ്കിലും ഗൃഹാതുരത അനുഭവപ്പെട്ടിട്ടുണ്ടോ? എണ്ണിയാൽ എനിക്ക് ധാരാളം പ്രാവശ്യം അനുഭവപ്പെട്ടിട്ടുണ്ട്: ന്യൂയോർക്ക് പട്ടണത്തിൽ വെച്ചും, യുക്രെയിനിൽ വെച്ചും, മറ്റു പല സ്ഥലങ്ങളിലായിരുന്നപ്പോഴും[1] ഉണ്ടായിട്ടുണ്ട്: ഇതാ ഒരു സുപ്രധാന ചോദ്യം: നിങ്ങൾക്ക് *സ്വർഗത്തിലെത്തുവാൻ* ഗൃഹാതുരത അനുഭവപ്പെട്ടിട്ടുണ്ടോ? "ആത്മാവിന്റെ ഭവനം" എന്ന ജെയിംസ് റോയുടെ ഒരു ഗാനത്തെ കുറിച്ച് ഞാൻ പറയുകയുണ്ടായി. ആ ഗാനത്തിൽ താഴെ പറയുന്ന വരികളും ഉൾപ്പെടുന്നു: "കൊടുങ്കാറ്റിൽ, പലപ്പോഴും നാം ഒറ്റപ്പെട്ട്, നെടുവീർപ്പിട്ട്, ഭവനത്തിൽ നിന്റെ അടുക്കലെത്തിയെങ്കിൽ എന്നു വിചാരിക്കും."[2]

കഴിഞ്ഞ പാഠത്തിൽ, "ആത്മാവിന്റെ ഭവനം" സൗന്ദര്യം നിറഞ്ഞിരിക്കുന്നതാണെന്ന് നാം മനസിലാക്കി. ഇനി, അത് തേജസും സ്നേഹവും നിറഞ്ഞതാണെന്ന് നാം കാണും. യോഹന്നാന്റെ ദൈവശ്വാസിയ വിവരണം ഓരോ ഹൃദയത്തെയും അവിടെ പോകുവാൻ പ്രചോദിപ്പിക്കും.

### ഉജ്ജ്വല തേജസോടുകൂടിയത് (21:22-27)

**ദൈവത്തിന്റെ തേജസ് (വാ. 22-25)**

നമ്മുടെ കഴിഞ്ഞ പാഠത്തിൽ, നാം വിലകൂടിയ ലോഹങ്ങളെയും വിലയേറിയ രത്നങ്ങളെയും കുറിച്ച് വളരെ മനസിലാക്കി. തീർച്ചയായും, സ്വർഗത്തെ സ്വർഗമാക്കുന്നത്, ആഭരണമോ പൊന്നോ അല്ല; മറിച്ച്, ദൈവസാന്നിധ്യമാണ്. വാക്യം 22-ൽ നാം വായിക്കുന്നു, "മന്ദിരം അതിൽ കണ്ടില്ല,[3] സർവ്വശക്തിയുള്ള ദൈവമായ കർത്താവും കുഞ്ഞാടും അതിന്റെ മന്ദിരമാകുന്നു."[4] നഗരം "അന്തിമമായ അതിവിശുദ്ധസ്ഥലമാണ്" എന്ന് നാം കാണുകയുണ്ടായി. അതിൽ മന്ദിരമില്ല, അതു തന്നെ മന്ദിരമാണ്.[5] ദൈവം തന്റെ ജനത്തെ കണ്ടുമുട്ടുന്ന സ്ഥലമാണ് അത്; അത് ദൈവത്തിന്റെ വാസസ്ഥലമാണ്.

യോഹന്നാൻ പിന്നെ പറഞ്ഞു, "നഗരത്തിൽ പ്രകാശിപ്പാൻ സൂര്യനും ചന്ദ്രനും ആവശ്യമില്ല. ദൈവതേജസ് അതിനെ പ്രകാശിപ്പിച്ചു. കുഞ്ഞാട് അതിന്റെ വിളക്ക് ആകുന്നു.[6] ജാതികൾ അതിന്റെ വെളിച്ചത്തിൽ നടക്കും, ... പകൽക്കാലത്ത് (രാത്രി അവിടെയില്ല) അതിന്റെ ഗോപുരവാതിൽ അടക്കുകയില്ല" (വാ. 23–25).[7]

യോഹന്നാന്റെ കാലത്ത്, നഗരങ്ങൾ രാത്രിയിൽ അവയുടെ വാതിലുകൾ അടക്കും. സ്വർഗത്തിന്റെ വാതിൽ ഒരിക്കലും അടക്കുകയില്ല,[8] കാരണം "അവിടെ രാത്രി ഇല്ല" എല്ലാ ഭാഗത്തും ദൈവത്തിന്റേയും കുഞ്ഞാടിന്റേയും തേജസ് വിളങ്ങിക്കൊണ്ടിരിക്കും.

**ജാതികളുടെ തേജസ് (വാ. 24, 26)**

വാക്യം 24 ന്റെ ആദ്യഭാഗം പറയുന്നു, "ജാതികൾ സ്വർഗീയ മഹിമയിൽ" നടക്കും. വാക്യം തുടരുന്നു, "ഭൂമിയുടെ രാജാക്കന്മാർ തങ്ങളുടെ മഹത്വം നഗരത്തിലേക്ക് കൊണ്ടുവരും" വാക്യം 26 പറയുന്നു "ജാതികളുടെ മഹത്വവും ബഹുമാനവും അതിലേക്ക് കൊണ്ടുവരും" രാജാക്കന്മാർ ഇവിടെ തങ്ങളേക്കാൾ വലിയ ഒരു ഭരണാധികാരിയെ അംഗീകരിച്ച് ബഹുമാനിക്കുന്നതിനെയാണ് അലങ്കാരം കാണിക്കുന്നത്. വെളിപ്പാട് മുഴുവനും, കർത്താവ് ജാതികളുടെ രാജാവാണെന്നും, ഒരിക്കൽ അവന്റെ കർത്തൃത്വത്തെ അംഗീകരിക്കുമെന്നും ആണ് അത് ഊന്നി പറയുന്നത് (2:26; 12:5; 15:3, 4). ഭൂമിയിലെ ശക്തരായ ഭരണാധികാരികളെല്ലാം അവരുടെ വലിയ നിക്ഷേപങ്ങളെല്ലാം സിംഹാസനത്തിനു മുന്നിൽ വെച്ച്, ദൈവത്തെ കർത്താധികർത്താവും രാജാധിരാജാവുമെന്ന് ഏറ്റു പറയുന്നത് ഊഹിച്ചു നോക്കുക. *എല്ലാ* മഹത്വവും ദൈവത്തിനുള്ളതാണെന്നും, *എല്ലാ* മഹത്വവും സ്വർഗത്തിലുണ്ടെന്നുമാണ് അലങ്കാരം ഉറപ്പിക്കുന്നത്.

നിർഭാഗ്യവശാൽ, ചിലർ "ജാതികൾ" എന്ന ആ വേദഭാഗത്തിലെ വാക്കെടുത്ത് രക്ഷ സാർവ്വലൗകികമെന്നു പഠിപ്പിക്കുന്നു. പൊതു വിൽ വെളിപ്പാടുപുസ്തകത്തിൽ "ജാതികൾ" എന്നു പറഞ്ഞിരിക്കുന്നത് അവിശ്വാസികളെയാണ് എന്നാണ് അവർ പറയുന്നത് (11:2, 9, 18; 14:8; 16:19),[9] അതുകൊണ്ട്, 21:24 ഉപയോഗിച്ച് - അവർ വിശ്വസിച്ചാലും ഇല്ലെങ്കിലും എല്ലാവരും രക്ഷിക്കപ്പെടും എന്നാണ് അവർ പഠിപ്പിക്കുന്നതു. എങ്ങനെ അവർക്ക് അത് പറയുവാൻ കഴിയുന്നു എന്ന് എനിക്ക് അറിയില്ല, കാരണം അടുത്ത വാക്യം പറയുന്നു, "അശുദ്ധമായത് യാതൊന്നും മ്ലേഛതയും ഭോഷ്ക്കും[10] പ്രവർത്തിക്കുന്നവൻ ആരും അതിൽ കടക്കയില്ല"[11] (വാ. 27).

"എല്ലാ ജാതികളിൽനിന്നും ഉള്ളവർ" യേശുവിൽ വിശ്വസി*ക്കുകയും* അവന്റെ രക്തത്താൽ കഴുക*പ്പെടുകയും* ചെയ്യുമെന്നാണ് വെളിപ്പാട് നമ്മെ പഠിപ്പിക്കുന്നത് (5:9; 7:9). ഭൂമിയിൽ "വെളിച്ചത്തിൽ" നടക്കുന്ന ഏല്ലാ ദേശങ്ങളിലേയും "ജാതികൾ" വാസ്തവത്തിലുള്ള "തേജസിനാൽ" പ്രകാശിക്കും (1 യോഹന്നാൻ 1:7), സ്വർഗത്തിൽ അവർ "[അവന്റെ] വെളിച്ചത്തിൽ തുടർന്ന് നടന്നുകൊണ്ടിരിക്കും" (വെളിപ്പാട് 21:24).

തീർച്ചയായും, എല്ലാ തേജസിന്റേയും ഉറവിടം ദൈവം ആകുന്നു (4:11). മറ്റേതൊരു തേജസും അവന്റെ തേജസിന്റെ പ്രതിഫലനമായിരിക്കും.

## സ്നേഹം നിറഞ്ഞുകവിഞ്ഞു (22:1-5)

ഇതുവരേക്കും, യാഗപീഠത്തിൽനിന്നു നഗരം കാണുവാനാണ് യോഹന്നാനെ അനുവദിച്ചത്. 22:1–5–ൽ, ദൈവം തന്റെ ജനത്തിനായി അകത്ത് സൂക്ഷിച്ചുവെച്ചിരിക്കുന്നത് കാണുവാൻ അവനെ അനുവദിച്ചു. (ഈ പാഠത്തിന്റെ അവസാനം വരുന്ന "സ്വർഗത്തിന്റെ വീഥി, നദി, ജീവ വൃക്ഷം" എന്ന ചിത്രീകരണം നോക്കുക.)

**സ്വർഗീയ വിഭവങ്ങൾ (വാ. 1-3)**

ധാരാളം സ്ഥലവാസികളുണ്ടാകുമെന്നാണ് നഗരത്തിന്റെ ആകൃതി വ്യക്തമാക്കുന്നത് - ദൈവം അവരുടെ ഓരോ ആവശ്യവും നിറവേറ്റുകയും ചെയ്യും. "ജീവന്റെ നിലനിൽപിന്ന് മൂന്നു വസ്തുക്കളാണ് അത്യന്താപേക്ഷിതമായിരി

ക്കുന്നത്: വെള്ളം, ആഹാരം, ആരോഗ്യം."[12] അവ മൂന്നും ദൈവം നമുക്ക് നൽകുമെന്ന് അദ്ധ്യായം 22 ന്റെ ആദ്യ വാക്യങ്ങൾ പറയുന്നു., ആ ഭാവന നഗരത്തിൽനിന്ന്, "ദൈവത്തിന്റെ പറുദീസയിലേക്ക്" മാറുമ്പോഴാണ് അത് സംഭവിക്കുന്നത് (വാ. 2:7). (ഈ രണ്ട് ആശയങ്ങളേയും ചേർത്ത് നഗരത്തിലെ ഒരു പാർക്ക് വരക്കുവാനായിരുന്നു ഞാൻ ബ്രയൻ വാറ്റ്സിനോട് പറഞ്ഞത്.)

ദൂതൻ ആദ്യം യോഹന്നാനെ, "വീഥിയുടെ നടുവിൽ ദൈവത്തിന്റേയും കുഞ്ഞാടിന്റേയും സിംഹാസനത്തിൽനിന്ന്, പുറപ്പെടുന്നതായി പളുങ്ക് പോലെ ശുഭ്രമായ ജീവജല നദിയും കാണിച്ചുകൊടുത്തു"[13] (വാ. 1). മനുഷ്യർ ആയുഷ്ക്കാലം മുഴുവൻ "യുവപ്രസരിപ്പ്" നിലനിർത്തുവാൻ കഴിയുമെന്ന എല്ലാ കെട്ടുകഥകളും നോക്കും, അത് അവർ പ്രായമാകാതിരിക്കുന്നതിനാണ്, എന്നാൽ ആ അന്വേഷണത്തിൽ തന്നെ അവർ മരിച്ചുപോയി. ഭൂമിയിൽ പിടികൊടുക്കാത്ത "പർവ്വതം" ഇല്ല എന്ന കാര്യമാണ് അവർ തിരിച്ചറിയാത്തത്, പക്ഷെ സ്വർഗത്തിലുണ്ട്; ജീവന്റെ ഉറവയായ സിംഹാസനത്തിൽനിന്നാണ് അത് ഒഴുകുന്നത്.

അടുത്തത്, യോഹന്നാൻ പറയുന്നത് "നദിക്ക്[14] ഇക്കരെയും അക്കരെയും ജീവ വൃക്ഷമുണ്ട്.[15] അവ പന്ത്രണ്ട് വീതം[16] ഫലം കായ്ച്ചു മാസം തോറും അതാതു ഫലം കൊടുക്കുന്നു" (വാ. 2). പാപം നിമിത്തമായിരുന്നു മനുഷ്യന് ജീവവൃക്ഷം നഷ്ടമായത്. പാപം നിമിത്തമായിരുന്നു (ഉൽപത്തി 2:9; 3:6, 22–24), മനുഷ്യരിൽ ശാപവും വന്നു (ഉൽപത്തി 3:16–19). സ്വർഗത്തിൽ, എങ്ങനെയായാലും, "യാതൊരു ശാപവും ഇനി ഉണ്ടാകയില്ല" (വെളിപ്പാട് 22:3),[17] ജീവ വൃക്ഷം പുനസ്ഥാപിക്കപ്പെടുകയും ചെയ്യും (2:7; 22:14, 19).[18]

നഗരത്തിലെ പൗരന്മാരെ, വൃക്ഷത്തിന്റെ ഓരോ ഭാഗത്താലും അനുഗ്രഹിച്ചിരുന്നു, അതിന്റെ ഇലകൾ "ജാതികളുടെ രോഗശാന്തിക്കായിരുന്നു" (വെളിപ്പാട് 22:2). സ്വർഗത്തിൽ ഏതർത്ഥത്തിലാണ് നമ്മെ "സൗഖ്യമാക്കുന്നത്"? കാരണം പാപമാണ് ശാപത്തെ പുറപ്പെടുവിച്ചത്, പാപം നീക്കം ചെയ്യുമ്പോൾ തന്നെ "സൗഖ്യമായല്ലോ"[19] ആളുകൾ ശാരീരികവും മാനസികവുമായ സൗഖ്യത്തിനായി ഓടി നടക്കുമ്പോൾ, അതുകൊണ്ടായിരിക്കാം, സ്വർഗത്തിൽ ഈ ഒരു വാഗ്ദാനം നൽകിയിരിക്കുന്നത്, ശരീരവും, മനസും, ആത്മാവും സൗഖ്യമാകുന്നത്. ഇതിൽ നിന്നു നമുക്ക് ഒന്ന് തീർച്ചയാക്കാം: സ്വർഗത്തിൽ, നാം എപ്പോഴും നല്ല ആരോഗ്യമുള്ളവരായിരിക്കും!

### സ്വർഗീയ സാന്നിധ്യം (വാ. 3, 4)

ഉൽപത്തി 3 ലെ ശാപത്തിന്റെ ഫലമായി പ്രയത്നവും കണ്ണുനീരുമുണ്ടായി (ഉൽപത്തി 3:16–19), എന്നാൽ ആ ശാപത്തിന്റെ ഏറ്റവും ഭയാനകമായ ഭാഗം മനുഷ്യൻ ദൈവത്തിൽനിന്നകന്നു എന്നതായിരുന്നു (ഉൽപത്തി 3:23, 24; യെശയ്യാവ് 59:2). തോട്ടത്തിൽ പിന്നെ ദൈവത്തോടുകൂടി "നടക്കുന്ന" അടുപ്പമുള്ള കൂട്ടായ്മ മനുഷ്യന് ഇല്ലാതെയായി (ഉൽപത്തി 3:8 നോക്കുക), അവസാനം, സ്വർഗത്തിൽ ആ ശാപം എടുത്തു കളയുകയും (വെളിപ്പാട് 22:3), അവിടെ "ദൈവത്തിന്റേയും കുഞ്ഞാടിന്റേയും സിംഹാസനം" ഉണ്ടായിരിക്കുകയും ചെയ്യും (വാ. 3).

നഗര നിവാസികൾ "അവന്റെ മുഖം കാണും" എന്ന് വാക്യം 4 പറയുന്നു (വാ. 4). ഭൂമിയിൽ ദൈവമുഖം കാൺമാൻ ആരെയും അനുവദിച്ചിരുന്നില്ല. (പുറപ്പാട് 33:20, 23), എന്നാൽ ഹൃദയശുദ്ധിയുള്ളവർക്ക് ഒരിക്കൽ "ദൈവത്തെ

കാണാം" (മത്തായി 5:8). ദൈവത്തെ കാണുന്നതിനെ കുറിച്ച് എബ്രായ ക്രിസ്ത്യാനികളോട് ലേഖകൻ പറയുന്നുണ്ട് (എബ്രായർ 12:14). മൽസ്യത്തെ ഉണ്ടാക്കിയത് വെള്ളത്തിൽ ജീവിക്കുവാനും, പക്ഷികളെ ഉണ്ടാക്കിയത് ആകാശത്തിൽ പറക്കുവാനുമായിരുന്നു, അതുപോലെ ആത്മാക്കൾ ദൈവസന്നിധിയിൽ വസിപ്പാനാണ് രൂപപ്പെടുത്തിയത്. അതാണ് സ്വർഗത്തിന്റെ ഏറ്റവും വലിയ അനുഗ്രഹം (വീണ്ടും 21:3, 4 വായിക്കുക). "ദൈവത്തോടും അവന്റെ പുത്രനോടുംകൂടെ ആയിരിക്കുക എന്നതാണ് സ്വർഗത്തിന്റെ അന്തസത്ത."[20]

ആ വിശദീകരണം പിന്നെ തുടർന്നു: "അവന്റെ നാമം അവരുടെ നെറ്റിയിലുണ്ടായിരിക്കും" (22:4). ഇത് ഉടമസ്ഥാവകാശത്തെ സൂചിപ്പിക്കുന്നു; നാം കർത്താവിനുള്ളവരാണ് (3:12; 7:3). കൂടാതെ, അതിൽ സാദൃശം ഉൾപ്പെട്ടിരിക്കുന്നു: അവന്റെ സന്നിധിയിൽ നാം കൂടുതലും അവനെ പോലെ ആകും.[21] യോഹന്നാൻ ഇതേ സത്യം തന്റെ ഒരു ലേഖനത്തിൽ എഴുതിയിട്ടുണ്ട്. "പ്രിയമുള്ളവരേ, നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു. നാം ഇന്നത് ആകുമെന്ന് ഇതുവരെ പ്രത്യക്ഷമായില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ, നാം അവനെ താൻ ഇരിക്കുമ്പോലെ തന്നെ കാണുന്നതാകകൊണ്ട്, അവനോട് സദൃശന്മാരാകും എന്നു നാം അറിയുന്നുവല്ലോ" (1 യോഹന്നാൻ 3:2).[22]

## സ്വർഗീയ ഉദ്ദേശം (വാ. 3)

വാക്യം 3 ലെ മറ്റൊരു പ്രയോഗം നാം കാണാതെ പോകരുത്: "അവന്റെ ദാസന്മാർ അവനെ ആരാധിക്കും" (വാ. 3).[23] പ്രവർത്തിക്കുന്ന സ്ഥലമായിട്ടാണ് വെളിപ്പാട് സ്വർഗത്തെ വരച്ചുകാണിക്കുന്നത് - അർത്ഥവത്തായ പ്രവർത്തി. മടിയുള്ളവനും-എന്നാൽ-തികവുള്ളവനാകുവാൻ ഉറപ്പിച്ച്, ഞാൻ കർത്താവിനോടുള്ള എന്റെ ആരാധന ഇവിടെ അപൂർണ്ണമായിരുന്നു എന്നു സമ്മതിക്കുന്നു; എന്നാൽ ആ നഗരത്തിൽ - തികവുള്ള ആ അന്തരീക്ഷത്തിൽ, എന്റെ വഴിപാടുകൾ വേണ്ടതുപോലെ ആയിരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ദൈവത്തെ പുകഴ്ത്തുന്നതിനു പുറമെ നാം എന്തെല്ലാം ചെയ്യുമെന്ന് എനിക്ക് അറിയില്ല; നാം അവിടെ ആയിരിക്കുന്നതിന് ഒരു ഉദ്ദേശമുണ്ടെന്ന് നമ്മുടെ വേദഭാഗം പറയുന്നു.

## സ്വർഗീയ നേട്ടം (വാ. 5)

ആവേശം കൊള്ളിക്കുന്നതും - നമ്മെ താഴ്ത്തുന്നതുമായ - സ്വർഗീയ ചിത്രത്തിൽ രണ്ട് കാര്യങ്ങളെ ഉറപ്പിക്കുന്നത്, കർത്താവ് സ്വർഗത്തിന്റെ വെളിച്ചമാണ് എന്നതും, പുറമെ ഒരു വാഗ്ദാനവും നൽകുന്നു. ആദ്യം, നമ്മോട് വീണ്ടും പറയുന്നു "അവിടെ ഇനി രാത്രിയില്ല" (വാ. 5). എനിക്ക്, രാത്രിയിൽ എല്ലാം മോശമായിട്ടാണ് തോന്നുക. ഇരുട്ടിൽ എന്റെ പ്രതിരോധം കുറയുകയും വേദന കൂടുകയും ചെയ്യും. "അവിടെ രാത്രി ഇല്ലായ്കയാൽ" നമുക്ക് ദൈവത്തിന് സ്തോത്രം ചെയ്യാം (21:25)! പിന്നെ നമ്മോട് പറയുന്നു, ആ നഗരത്തിൽ വസിക്കുന്നവർക്ക് "വിളക്കിന്റെ വെളിച്ചം ആവശ്യമില്ല, കാരണം അവിടെ ദൈവവും കുഞ്ഞാടും അവർക്ക് പ്രകാശമായിരിക്കും" (22:5).

അവസാനമായി, നമ്മോടു പറയുന്നു "അവർ എന്നുമെന്നേക്കും വാഴും" (വാ. 5). മുൻപ് വെളിപ്പാടിൽ, ക്രിസ്ത്യാനികൾ ഇപ്പോൾ ക്രിസ്തുവിനോടുകൂടെ വാഴുന്നതായി നാം കണ്ടു (5:10)[24] രക്തസാക്ഷികൾ മരണശേഷവും തുടർച്ചയായി വാണുകൊണ്ടിരിക്കും (20:6). ഇപ്പോൾ, നമ്മോടു പറയുന്നത്

അവനോടുകൂടെയുള്ള നമ്മുടെ വാഴ്ച്ച നിത്യത മുഴുവൻ ഉണ്ടായിരിക്കുമെന്നാണ്![25] നാം എത്ര അനുഗ്രഹീതരായിരിക്കും!

**ഉപസംഹാരം**

ഈ പാഠത്തിന്റെ ആരംഭത്തിൽ, നിങ്ങൾക്ക് സ്വർഗത്തിലെത്തുവാൻ ഗൃഹാതുരത്വമുണ്ടോ എന്ന് ഞാൻ ചോദിക്കയുണ്ടായി. ഇപ്പോൾ നമുക്ക് ആത്മാവിന്റെ ഭവനത്തെ കുറിച്ചുള്ള ദൈവിക വിവരണം ലഭിച്ചു – ആ ഭവനം സൗന്ദര്യം നിറഞ്ഞതും, തേജസ് വ്യാപിച്ചിരിക്കുന്നതും, സ്നേഹം തിങ്ങിയതുമാണ് – ചോദ്യം നിങ്ങൾക്ക് സ്വർഗത്തിൽ പോകുവാനുള്ള ഗൃഹാതുരത്വമുണ്ടോ?

സ്വർഗത്തിൽ, ദൈവം എന്നിൽനിന്ന് എന്തു സേവനമാണ് ആവശ്യപ്പെടുക എന്ന് എനിക്ക് അറിയില്ല, എന്നാൽ ഇവിടെവെച്ച് അവൻ എന്നിൽ നിന്ന് എന്തു പ്രതീക്ഷിക്കുന്നു എന്ന് എനിക്ക് അറിയാം: എന്നിൽ വിശ്വാസവും ആശ്രയവും ഉണ്ടാകണം; എന്നിൽനിന്ന് അനുസരണവും ആത്മാർഥതയും അവൻ പ്രതീക്ഷിക്കുന്നു.[26] ഞാൻ അത് അവന് കൊടുപ്പാൻ തയ്യാറാണോ? നിങ്ങൾ തയ്യാറാണോ? ഒരു സർവ്വേയിൽ 87 ശതമാനം പേർ സ്വർഗത്തിൽ പോകുവാൻ തങ്ങളിൽ തന്നെ ആശ്രയിക്കുന്നു എന്നാണുള്ളത്.[27] കർത്താവിന്റെ സ്ഥിതിവിവര കണക്കുകൾ അത്ര ശുഭകരമല്ല (മത്തായി 7:13, 14 നോക്കുക). ഈ കാര്യത്തിൽ നിങ്ങളെത്തന്നെ ചതിക്കാതിരിക്കുക; ഏറ്റവും സത്യസന്ധരായിരിക്കുക: നിങ്ങൾ തയ്യാറാണോ? ഞാൻ ഒരുങ്ങിയിട്ടില്ലെന്നറിഞ്ഞാൽ ദൈവകൃപയിൽ എന്നെ ഏൽപിച്ചുകൊടുക്കുന്നതുവരെ ഞാൻ ആഹാരം കഴിക്കുകയോ ഉറങ്ങുകയോ ഇല്ല. നിങ്ങളുടേയും പ്രതികരണം അങ്ങനെയായിരിക്കും എന്ന് ഞാൻ കരുതുന്നു.

---

കുറിപ്പുകൾ

[1]നിങ്ങൾക്ക് ഗൃഹാതുരത്വം അനുഭവപ്പെട്ട പ്രത്യേക അനുഭവം പറയാം. നിങ്ങളുടെ ശ്രോതാക്കൾക്ക് പരിചയമുള്ള മറ്റു ചിത്രീകരണവും പറയാം. [2]ജെയിംസ് റോ, "ഹോം ഓഫ് ദ സോൾ" *സോങ്സ് ഓഫ് ഫെയിത്ത് ആന്റ് പ്രെയ്സ്,* എഡി. ആൾട്ടൻ എച്ച്. ഹോവാർഡ് (വെസ്റ്റ് മോൺറോ: ലാ: ഹോവാർഡ് പബ്ലിഷിങ് കമ്പനി., 1994). [3]"ജയിക്കുന്നവർ അവന്റെ *ആലയത്തിൽ രാപ്പകൽ* ആരാധിക്കും എന്ന് മുൻപ് പറഞ്ഞിരുന്നു" (7:15; എംഫസിസ് മൈൻ), എന്നാൽ നമ്മുടെ ഇപ്പോഴത്തെ വേദഭാഗം പറയുന്നു, "അവിടെ രാത്രി *ഇല്ല*" (22:5) ആലയവു*മില്ല* (21:22) അത് അലങ്കാര ഭാഷയുടെ വെറും ദ്രവീകരണത്തെ (മാറുന്ന അവസ്ഥ) കാണിക്കുന്നു. "രാപ്പകൽ" എന്നത് "എല്ലാ കാലത്തും" എന്ന് സൂചിപ്പിക്കുന്നു, എന്നാൽ "ആലയത്തിൽ" എന്നത് അർത്ഥമാക്കുന്നത്, "സ്വർഗത്തിൽ" എന്നാണ്. *വെളിപ്പാട്, 2* എന്ന പുസ്തകത്തിലെ "കൊടുങ്കാറ്റിന് മീതെ ഉയരൽ" എന്ന പാഠത്തിലെ 7:15 ന്റെ കുറിപ്പുകൾ നോക്കുക. [4]ഈ പാഠത്തിലുള്ള കുറിപ്പുകളിൽ വിവിധ പഴയനിയമ വേദഭാഗങ്ങളുപയോഗിച്ചിട്ടുള്ളത് ഒരുപക്ഷെ യോഹന്നാന്റെ ഭാഷ പ്രതിഫലിക്കുന്നതാകാം. അവയിൽ പലതും യെഹസ്കേലിൽനിന്നാണ്. എങ്ങനെയായാലും, ആ *പിണയൽ* ശ്രദ്ധിക്കുക. തന്റെ നഗരത്തിലെ ആലയത്തെ കുറിച്ച് പ്രതിപാദിക്കുവാൻ യെഹസ്ക്കേൽ ഏഴ് അദ്ധ്യായം ചെലവിട്ടു, എന്നാൽ യോഹന്നാൻ വിവരിച്ച നഗരത്തിൽ "ആലയമില്ല" എന്നാണ് പറഞ്ഞത്. [5]നഗരം തേജസ്ക്കരിക്കപ്പെട്ട സഭയെയാണ് ഉദ്ദേശിക്കുന്നത്. ക്രിസ്തീയകാ

ലത്ത് സഭയാണ് ദൈവത്തിന്റെ മന്ദിരമെന്ന് പൗലൊസ് ഊന്നി പറഞ്ഞിരിക്കുന്നു, ആ പ്രത്യേകസ്ഥലത്താണ് അവൻ വസിക്കുന്നത് (1 കൊരിന്ത്യർ 3:16; എഫെസ്യർ 2:21). [6]ദൈവം വെളിച്ചമാണെന്നതിന് നോക്കുക, സങ്കീർത്തനങ്ങൾ 36:9; യെശയ്യാവ് 60:19, 20; 1 യോഹന്നാൻ 1:5. യേശു വെളിച്ചമാണെന്നതിന് നോക്കുക, യോഹന്നാൻ 1:9; 3:19; 8:12; 12:35. [7]യെശയ്യാവ് 60:11 മായി താരതമ്മ്യം ചെയ്യുക. [8]തുറന്ന ഗോപുരങ്ങളുടെ ആലങ്കാരിക അർത്ഥം സൂചിപ്പിക്കുന്നത് ന്യായവിധിക്ക് ശേഷം ആളുകൾക്ക് പുറത്തുപോകാമെന്ന് കരുതരുത്. തുറന്ന ഗോപുരവാതിലുകൾ ആലങ്കാരികമായി, *സുരക്ഷിതത്വത്തെയാണ്* ബോധ്യമാക്കുന്നത്. [9] "നാം അളക്കുന്നുണ്ടോ?" എന്ന പാഠത്തിലെ കുറിപ്പുകൾ 17 നോക്കുക. *വെളിപ്പാട് 3* എന്ന പുസ്തകത്തിൽ സാധാരണ" "ജാതി" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്, "ക്രിസ്തുവിനോട് മൽസരിക്കുന്നവരെയാണ്. "*സാധാരണ*" എന്ന വാക്ക് സൂചിപ്പിക്കുന്നത്. "സാധാരണ" എന്ന വാക്ക് പ്രംയോജനമുള്ളതാണ്, എല്ലായ്പോഴുമല്ല, എന്നാൽ "സാധാരണയാണ്." [10]ഇവിടെ പറഞ്ഞ വാക്കുകൾ മിക്കവയും 21:8-ൽ കാണാം. (ഈ പുസ്തകത്തിൽ, ആദ്യം വന്നതായ "സകലവും പുതുതാക്കി" എന്ന പാഠത്തിലെ ആ വാക്യത്തിലെ പരാമർശങ്ങൾ നോക്കുക.) പഴയ നിയമത്തിൽ, "അശുദ്ധമെന്ന്" പറഞ്ഞിരിക്കുന്നത്, വിഗ്രഹാരാധനയുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. അതിന് പൊതുവായ അർത്ഥവുമുണ്ട്. കെജെവിയിൽ "മലിനമാക്കുന്നതെന്തും" എന്നാണ്.

[11]ഈ പുസ്തകത്തിൽ നേരത്തെ വന്ന "ന്യായവിധിയെ കുറിച്ച് നിങ്ങൾ അറിഞ്ഞിരിക്കേണ്ട അഞ്ചു കാര്യങ്ങൾ" എന്ന പാഠത്തിലെ ജീവപുസ്തകത്തെ കുറിച്ചുള്ള കുറിപ്പുകൾ നോക്കുക. [12]റേ സമ്മേഴ്സ്, *വർതി ഈസ് ദ ലാമ്പ്* (നാഷ്‌വിലേ: ബ്രോഡ്മാൻ പ്രസ്, 1951), 214. [13]അദ്ധ്യായം 22-ൽ മാത്രമാണ് പുസ്തകത്തിൽ "ദൈവത്തിന്റേ*യും* കുഞ്ഞാടിന്റേയും സിംഹാസനം" എന്ന പ്രയോഗമുള്ളതു (വാ. 1, 3), *രണ്ട്പേരും* സിംഹാസനത്തിൽ എന്ന ആശയം (അധികാരത്തിൽ) പല പ്രാവശ്യം മുൻപും വന്നിട്ടുണ് (3:21; 12:5). [14]വീഥിയുടെ സ്ഥാനം, നദി, വൃക്ഷം എന്നിവയെ കുറിച്ച് ഗ്രീക്ക് വേദഭാഗം അവ്യക്തമാണ്. സാധ്യതയുള്ള ഒരു രംഗമായി വരക്കുവാനാണ് ഞാൻ ബ്രയൻ വാറ്റ്സിനോട് ആവശ്യപ്പെട്ടത്. നഗരാസൂത്രണത്തെയല്ല വേദഭാഗം വെളിപ്പെടുത്തുന്നത്, മറിച്ച്, ദൈവത്തിന്റെ കരുതൽ ഉറപ്പിക്കുകയാണ്. [15]സങ്കീർത്തനങ്ങൾ 46:4; യെഹസ്കേൽ 47:1-12; യോവേൽ 3:18; സെഖര്യാവ് 14:8 എന്നീ ഭാഗങ്ങളിലെ വിവരണങ്ങൾ നോക്കുക. [16]എന്റെ കയ്യിലുള്ള എൻ ഏഎസ്ബി ബൈബിളിന്റെ കോപ്പിയിൽ മാർജിനിൽ ഈ കുറിപ്പുണ്, "ഓർ ക്രോപ്പ്സ് ഓഫ് ഫ്രൂട്ട്സ്," ഊന്നൽ വിവിധ തരം ഫലങ്ങൾക്കായിരിക്കയില്ല, പിന്നെയോ തുടർച്ചയായി ഫലം നൽകുന്നതിലായിരിക്കാം. ഏതു വിധത്തിലായാലും, *സ്വർഗത്തിൽ ദൈവം നമുക്ക് ആവശ്യമുള്ളതെല്ലാം നൽകും.* [17]22:3 നെ സെഖര്യാവ് 14:11 മായി താരതമ്യം ചെയ്യുക. [18]ജീവ വൃക്ഷം (ഏകവചനം) എങ്ങനെ നദിയുടെ ഇരുകരയിലും കാണുമെന്ന് ചിലർ സംശയിക്കുന്നു. ധാരാളം വൃക്ഷങ്ങൾ തിങ്ങി നിറഞ്ഞ വനം ഞാൻ സന്ദർശിച്ചിട്ടുണ്ട്, അതിൽ *ഒരു* വൃക്ഷത്തിന്റെ വേരിൽനിന്നു പല "വൃക്ഷങ്ങൾ" ദൂരെ-വ്യാപിച്ച് വളരുന്നു (എന്നോട് പറഞ്ഞിട്ടുണ്ട്). ആകയാൽ ഒരു തടിയുടെ വേരിൽനിന്ന് പല വൃക്ഷങ്ങൾ വളർന്നു വരുന്നതു നിങ്ങൾക്ക് ഊഹിക്കാം. *ആലങ്കാരിക* ഭാഷയിലെ അസ്ഥിരതയിൽ വിചാരപ്പെടേണ്ടതില്ല. [19]ചില എഴുത്തുകാർ *ക്രിസ്ത്യാനികളുടെ* "ജീവ വൃക്ഷം" യേശുവിന്റെ *ക്രൂശുമായി* ബന്ധിപ്പിക്കുന്നുണ്ട്. ചില അവസരത്തിൽ, പുതിയനിയമത്തിൽ, "ക്രൂശ്" എന്ന് ഗ്രീക്കിൽനിന്നു അക്ഷരികമായി തർജിമ ചെയ്തിരിക്കുന്നത് "മരം," അല്ലെങ്കിൽ "തടി" എന്നാണ് (പ്രവൃത്തികൾ 5:30; 10:39; 13:29 എൻഏഎസ്ബിയിലും കെജെവിയിലും) ക്രിസ്തുവിന്റെ യാഗത്താൽ നമുക്ക്

ആത്മിയ സൗഖ്യം ലഭിക്കുന്നു (യെശയ്യാവ് 53:5). [20]ജെ. ഡബ്ലിയു. റോബർട്ട്സ്, *ദ റെവലേഷൻ ടു ജോൺ* (ദ അപോകാലിപ്സ്) ദ ലിവിങ് വേഡ് കമെന്ററി സീരീസ് (ആസ്റ്റിൻ, ടെക്സ്: സ്വീറ്റ് പബ്ലിഷിങ് കമ്പനി., 1974), 194.

[21]ദൈവത്തിന്റെ നാമം അവൻ ആരാണെന്ന് സൂചിപ്പിക്കുന്നു, മനുഷ്യന്റെ നെറ്റി അവന്റെ മനസിനെയാണ് കാണിക്കുന്നത്. ദൈവത്തിന്റെ നാമം നെറ്റിയിൽ എഴുതിയിരിക്കുന്നു എന്ന ആശയം ദൈവസ്വഭാവം ഒരാളുടെ മനസിലേക്ക് വന്ന് വ്യക്തിത്വത്തെ ആ രീതിയിലേക്ക് ഉയർത്തുന്നു. [22]2 കൊരിന്ത്യർ 3:18 അനുസരിച്ച്, ആ മാറ്റം ഈ ജീവിതത്തിൽ ആരംഭിച്ചിട്ട്, അടുത്തതിൽ പൂർത്തിയാകുന്നു. [23]"സെർവ്" എന്ന വാക്ക് തർജിമ ചെയ്തതിന് "മതപരമായ സേവനം" എന്നും അർത്ഥം വരാം എന്നതിനാൽ, ചിലർ "അവനെ ആരാധിക്കുന്നു" എന്ന് തർജിമ ചെയ്തിരിക്കുന്നു. ഇതിനെ കുറിച്ചും മറ്റു സ്വർഗീയ സേവനത്തെ കുറിച്ചും കൂടുതൽ അറിയുവാൻ, *വെളിപ്പാട്, 2* എന്ന പുസ്തകത്തിലെ "കൊടുങ്കാറ്റിനുമീതെ ഉയരൽ" എന്ന പാഠത്തിലെ 7:15 ന്റെ കുറിപ്പ് നോക്കുക. [24]*വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ "കർത്താവേ, എത്രത്തോളം?" എന്ന പാഠത്തിലെ 1:5, 6 ന്റെ കുറിപ്പും, *വെളിപ്പാട്, 3* എന്ന പുസ്തകത്തിലെ "നാം അളക്കുന്നുണ്ടോ?" എന്ന പാഠത്തിലെ 5:10 ന്റെ പരാമർശവും നോക്കുക. [25]ക്രിസ്ത്യാനികൾ മറ്റുള്ളവരെ *ഭരിക്കുന്ന* ഒരു സൂചനയും വചനത്തിലില്ല; ആ വാക്ക് ഉറപ്പിക്കുന്നത് നാം രാജകിയ ഭവനത്തിന്റെ ഭാഗമായിരിക്കുമെന്നാണ്. *വെളിപ്പാട്, 3* എന്ന പുസ്തകത്തിലെ "നാം അളക്കുന്നുണ്ടോ?" എന്ന പാഠത്തിലെ 5:10 ന്റെ കുറിപ്പ് നോക്കുക. ഈ പുസ്തകത്തിൽ പിന്നീട് വരുന്ന "ക്രിസ്തുവിനോടുകൂടെ വാഴൽ" എന്ന പാഠത്തിലെ 20:6 ന്റെ കുറിപ്പ് നോക്കുക. [26]നിങ്ങൾ ഇത് ഒരു പ്രസംഗമായി അവതരിപ്പിക്കുകയാണെങ്കിൽ, വിശ്വാസത്താലും അനുസരണത്താലും ഒരാൾ എങ്ങനെ ക്രിസ്ത്യാനി ആകുമെന്നും, തെറ്റിപ്പോയ ക്രിസ്ത്യാനിക്ക് എങ്ങനെ യഥാസ്ഥാനപ്പെടാമെന്നും പറയുക. പ്രബോധനത്തിന്റെ ഭാഗമായി നിങ്ങൾക്ക് 1 യോഹന്നാൻ 3:2, 3 ഉം എബ്രായർ 12:14 ഉം ഉപയോഗിക്കാം. [27]"ഓപ്പറാ ഒരു സ്വർഗിയ സൈന്യമാണോ?" *അമേരിക്കൻ ന്യൂസും വേൾഡ് റിപ്പോർട്ടും* (31 മാർച്ച് 1997): 18.

---

## ചർച്ചക്കും പുനരവലോകനത്തിനുമുള്ള ചോദ്യങ്ങൾ

1. എല്ലാ ജാതികളിലും പെട്ട നീതിമാന്മാർ സ്വർഗത്തിൽ പോകുമോ? ("ജാതികൾ" എന്നതിന്റെ ഗ്രീക്ക് വാക്ക് അക്ഷരികമായി തർജിമ ചെയ്തിരിക്കുന്നതിന്റെ അർത്ഥം "എത്നിക് ഗ്രൂപ്പുകൾ" എന്നാണ്) എല്ലാ വർഗ സംഘടനകളിലേയും അംഗങ്ങൾ സ്വർഗത്തിൽ പോകു മെങ്കിൽ, അവർ ഭൂമിയിലായിരുന്നപ്പോൾ, എല്ലാവരുമായി യോജിച്ചിരുന്നോ?
2. പാഠമനുസരിച്ച്, എന്താണ് സ്വർഗത്തെ "സ്വർഗമാക്കുന്നത്?"
3. ആളുകൾക്ക് ജീവൻ നിലനിർത്തുന്നതിന് എന്തെല്ലാം മൂന്നു കാര്യങ്ങളാണ് ആവശ്യം? അതിലും കൂടുതൽ വേണമെന്ന് നിങ്ങൾ *വിചാരിക്കുന്നുവോ*? 22:1, 2 അനുസരിച്ച്, മൂന്നിൽ ഓരോന്നും സ്വർഗ ത്തിൽ എങ്ങനെ പ്രായോഗികമാകുന്നു?
4. നാം ദൈവത്തെ സേവിക്കുമെന്ന് 22:3-ൽ വായിക്കുന്നു. ഈ ചോദ്യം ചിന്തിക്കുക: അവിടെ നാം എന്തു ചെയ്യുവാനാണ് പറയുന്നത്? (ബൈബിളിൽ ഈ വിവരം ഇല്ലാത്തതിനാൽ ആ ചോദ്യത്തിനു ശരി യായതോ അല്ലെങ്കിൽ തെറ്റായതോ ആയ ഉത്തരമില്ല.)

5. നിങ്ങൾക്ക് സ്വർഗത്തിലെത്തുവാൻ "ഗൃഹാതുരത്വം" മനുഭവപ്പെട്ടി ട്ടു ണ്ടോ - നിങ്ങൾ അവിടെ എത്തുവാൻ ശ്രമിക്കുന്നുവോ?
6. നിങ്ങൾ സ്വർഗത്തിൽ പോകുവാൻ തയ്യാറായിട്ടുണ്ടോ?



സ്വർഗീയ നഗരം (22:1–2)